# കേരളസർവകലാശാല

നം.പി.ആർ.189/2022

## പത്രക്കുറിപ്പ്

### കേരളസർവകലാശാല ബിരുദാനന്തരബിരുദ പ്രവേശനം 2022
### സ്പോർട്സ് ക്വാട്ട പ്രവേശനം – സംബന്ധിച്ച്

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിലെ ബിരുദാനന്തരബിരുദ കോഴ്സുകളിലേയ്ക്കുള്ള സ്പോർട്സ് ക്വാട്ട പ്രവേശനത്തിന് ഓൺലൈനായി അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികളുടെ സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ പൂർത്തിയായി.

വിദ്യാർത്ഥികൾക്ക് തങ്ങളുടെ പ്രൊഫൈലിൽ ലോഗിൻ ചെയ്ത് വെരിഫിക്കേഷൻ സ്റ്റാറ്റസ് നോക്കാവുന്നതാണ്. ഇതുമായി ബന്ധപ്പെട്ട് പരാതിയുള്ളവർ 12.09.2022– നകം രേഖാമൂലം (ഇ–മെയിൽ–onlineadmission@keralauniversity.ac.in)പരാതി നൽകണം. ഈ പരാതികൾ പരിഗണിച്ച ശേഷം റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കും.

### പരീക്ഷ ഫലം

കേരളസർവകലാശാല 2021 ഡിസംബറിൽ നടത്തിയ മൂന്നും നാലും സെമസ്റ്റർ എം.എ പൊളിറ്റിക്കൽ സയൻസ് (എസ്.ഡി.ഇ 2019 അഡ്മിഷൻ & സപ്ലിമെൻററി 2017, 2018 അഡ്മിഷൻ) വിദൂര വിദ്യാഭ്യാസ ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ് പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും സെപ്റ്റംബർ 13 വരെ അപേക്ഷിക്കാവുന്നതാണ്.

### പരീക്ഷ തീയതി

കേരളസർവകലാശാല രണ്ടാം സെമസ്റ്റർ സി.ബി.സി.എസ് ബി.എ/ ബി.എസ്.സി/ ബി.കോം ഡിഗ്രി (2021 അഡ്മിഷൻ റെഗുലർ, 2020 അഡ്മിഷൻ ഇംപ്രൂവ്മെന്റ്/ സപ്ലിമെൻററി, 2017, 2018, 2019 അഡ്മിഷൻ സപ്ലിമെൻററി, മേഴ്സി ചാൻസ്– 2013 – 2016 അഡ്മിഷൻ ) പരീക്ഷകൾ സെപ്റ്റംബർ 20 തീയതി മുതൽ ആരംഭിക്കുവാൻ നിശ്ചയിച്ചിരിക്കുന്നു. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്

### പരീക്ഷ കേന്ദ്രം

കേരളസർവകലാശാല വിദൂര വിദ്യാഭ്യാസ കേന്ദ്രം നടത്തുന്ന എം.എ/ എം.എസ്.സി/ എം.കോം (പ്രീവിയസ് & ഫൈനൽ) സപ്ലിമെൻററി പരീക്ഷകളുടെ പരീക്ഷാ കേന്ദ്രങ്ങൾ തിരുവനന്തപുരം ജില്ലയിൽ നാഷണൽ കോളേജ് അമ്പലത്തറ, കൊല്ലം ജില്ലയിൽ ഡി ബി കോളേജ് ശാസ്താംകോട്ട, ആലപ്പുഴ ജില്ലയിൽ എസ് എൻ കോളേജ് ചേർത്തല എന്നിവയാണ്. പരീക്ഷാർത്ഥികൾ അതാത് പരീക്ഷാ കേന്ദ്രങ്ങളിൽ നിന്ന് ഹാൾടിക്കറ്റുകൾ കൈപ്പറ്റേണ്ടതാണ്. വിശദവിവരം വെബ്സൈറ്റിൽ.

തിരുവനന്തപുരം,

05.09.2022.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:** For queries **helpdesk@keralauniversity.ac.in, examhelpdesk1@keralauniversity, examhelpdesk2@keralauniversity**

**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**